**നീന്തലിലെ നേട്ടങ്ങൾ**

**2012 മാർച്ച് 20-**

ശ്രീലങ്കയെയും ഇന്ത്യയെയും തമ്മിൽ വേർതിരിക്കുന്ന ലോകത്തിലെ ഏഴ് കടലിടുക്കിൽ ഒന്നായ പാക്ക് കടലിടുക്ക് (ശ്രീലങ്ക തലൈമന്നാർ), (ഇന്ത്യ ധനുഷ്കോടി) വരെ 31 കി.മീ. ദൂരം വിഷപാമ്പുകളെയും ആർത്തിരമ്പുന്ന തിരമാലകളെയും ഭീകരമായ കടൽ ജീവികളെയും അതിജീവിച്ച് ഇന്ത്യൻ സർക്കാരിന്റെയും ശ്രീലങ്കൻ സർക്കാരിന്റെയും അംഗീകാരത്തോടെ 14 മണിക്കൂർ കൊണ്ട് നീന്തി കടന്ന ആദ്യ മലയാളി.

**2013 ഏപ്രിൽ 26 -**

സ്വാമി വിവേകാനന്ദന്റെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് സ്വാമിയെ സ്മരിക്കുന്നതിനു വേണ്ടി കന്യാകുമാരി കരയിൽ നിന്നും വിവേകാനന്ദപാറയിലേക്കും പാറയ്ക്കും ചുറ്റും ശക്തമായ ചുഴികളെയും തിരമാലകളെയും അതിജീവിച്ച് അതിസാഹസികമായി നീന്തികയറിയ ലോകത്തിലെ ആദ്യത്തെ വ്യക്തി. സ്വാമിയുടെ സന്ദേശങ്ങളും വീക്ഷണങ്ങളും ചിന്തകളും യുവതലമുറയിൽ എത്തിക്കുക എന്നതായിരുന്നു ലക്ഷ്യം.

**2005 ജൂലൈ 24 -**

സ്വിറ്റ്സർലന്റിൽ വച്ച് നടന്ന ലോകോത്തര മാരത്തൻ നീന്തൽ മത്സരത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് റാപ്പൽസിവിൽ മുതൽ സൂറിച്ച് വരെ 27 കി.മീ ദൂരം തണുത്തുറഞ്ഞ വെള്ളത്തിലൂടെ 150 ഓളം ലോക നീന്തൽ താരങ്ങളോട് മത്സരിച്ച് 5-ാം സ്ഥാനത്ത് വന്ന ആദ്യ ഇന്ത്യക്കാരനും മലയാളിയും.

**2005 ഫെബ്രുവരി 14 -**

ദുർഘടം പിടിച്ച ബോംബെ കടലിടുക്ക് അലിബാഗ് ദരംന്തർ ബോട്ടുജെട്ടി മുതൽ ഗേറ്റ് വേ ഓഫ് ഇന്ത്യ വരെ കപ്പൽ ചാലിലൂടെ 35 കി.മീ ദൂരം 9 മണിക്കൂർ 14 മിനിറ്റ് കൊണ്ട് നീന്തി കടന്ന ആദ്യമലയാളി.

**2002 ജനുവരി 27 -**

ആലപ്പുഴ പുന്നമട മുതൽ വൈക്കം വരെ 16 മണിക്കൂർ തുടർച്ചയായി ശക്തമായ വേലിയേറ്റത്തേയും അടിയൊഴുക്കുകളേയും പ്രതിരോധിച്ച് നീന്തി കടന്ന ആദ്യ മലയാളി

**2001 ഫെബ്രുവരി 3 -**

കുമരകം കവണാറ്റിൻകര മുതൽ ആലപ്പുഴ പുത്തനങ്ങാടി വരെയും തിരിച്ചും ശക്തമായ ഓളപ്പരപ്പുകളെ അതിജീവിച്ച് 21 കി.മീ ദൂരം 5 മണിക്കൂർ 11 മിനിറ്റ് കൊണ്ട് നീന്തി കടന്ന ആദ്യ മലയാളി

**2007 ജൂൺ 27 -**

കുട്ടികളിലും യുവാക്കളിലും നീന്തൽ പ്രചരിപ്പിക്കുന്നതിനും ബോധവത്ക്കരിക്കുന്നതിനും വേണ്ടി ഭരത് മമ്മൂട്ടിയോടൊപ്പം ചേർന്ന് 15 വയസ്സിന് താഴെയുള്ള 10 കുട്ടികളോടൊപ്പം മറൈൻഡ്രൈവ് ബോൾഗാട്ടി പാലസിൽ 5 മണിക്കൂർ തുടർച്ചയായി സാഹസിക നീന്തൽ പ്രകടനം നടത്തി.

**2010 നവംബർ 27 -**

ഇന്ത്യൻ നേവി ബോംബെ കടലിൽ സംഘടിപ്പിച്ച 7 കി.മീ. ദേശീയ നീന്തൽ മാരത്തൻ മത്സരത്തിൽ 1 മണിക്കൂർ 34 മിനിറ്റിൽ പങ്കെടുത്ത് നീന്തി കടന്നു.

**2005 ഫെബ്രുവരി 25 -**

15 വയസ്സിന് താഴെയുള്ള 20 കുട്ടികളെ പരിശീലിപ്പിച്ച് വേമ്പനാട്ട് കായലിൽ (സെന്റ് തോമസ് ഹൈസ്കൂൾ മണപ്പുറം) അതിസാഹസികമായി 8 കി.മീ. ദൂരം മാരത്തൻ നീന്തൽ സംഘടിപ്പിച്ചു.

**അവാർഡുകൾ**

1. പ്രധാനമന്ത്രിയുടെ പ്രശംസാപത്രം (2013) (ഡോ: മൻമോഹൻ സിംഗ്)
2. കേരള സർക്കാരിന്റെ രാജ്യാന്തര കീർത്തീമുദ്ര (2005) (മുഖ്യമന്ത്രി ഉമ്മൻചാണ്ടിയിൽ നിന്നും സ്വീകരിച്ചു.)
3. കേരള സർക്കാരിന്റെ അഞ്ച്ലക്ഷം രൂപയുടെ ക്യാഷ് അവാർഡ് (പാക് കടലിടുക്ക്-2012) കേരള സ്പോർട്സ് വകുപ്പ്മന്ത്രി കെ.ബി. ഗണേഷ്കുമാറിൽ നിന്നും സ്വീകരിച്ചു.
4. സബർമതി നാഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ ദേശിയോത്ഗ്രഥന പുരസ്ക്കാരം. 2013, കേന്ദ്രമാനവ വിഭവശേഷി സഹമന്ത്രി ശശി തരൂരിൽ നിന്നും സ്വീകരിച്ചു.
5. ശ്രീചിത്ര ഇന്റർനാഷണൽ ഫൗണ്ടേഷന്റെ കർമ്മശ്രേഷ്ഠാ പുരസ്കാരം (2011) കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തലയിൽ നിന്നും സ്വീകരിച്ചു.
6. ഏഷ്യയിലെ ഏറ്റവും വലിയ സാംസ്ക്കാരിക സംഘടനയായ ഡൽഹി ജനസംസ്കൃതി മികച്ച കായിക താരത്തിനുള്ള അവാർഡ് (2012) ഡൽഹി മുഖ്യമന്ത്രി ഷീലദീക്ഷിത്തിൽ നിന്നും സ്വീകരിച്ചു.
7. മുബൈ ജ്വാല പബ്ലിക്കേഷന്റെ മാൻ ഓഫ് ദി ഇയർ പുരസ്ക്കാരം 2012.
8. ബോംബെയിലെ എഴുത്തുകാരുടെ സംഘടനയായ ഫൊമയുടെ അവാർഡ് (കായിക പ്രതിഭ പുരസ്ക്കാരം, 2012)
9. ഡൽഹി മലയാളി അസോസിയേഷന്റെ മറുനാടൻ മഹാപ്രതിഭാ പുരസ്ക്കാരം (2012) ബഹു. കേന്ദ്രപ്രതിരോധ വകുപ്പ് മന്ത്രി എ.കെ.ആന്റണിയിൽ നിന്നും സ്വീകരിച്ചു.
10. ഹോട്ടൽ ലീമെറിഡിയന്റെ ഔട്ട് സ്റ്റാന്റിംഗ് പെർഫോമിംഗ് അവാർഡ് (2002)
11. അമേരിക്കയിലെ ലോസാഞ്ചലസ് മലയാളി അസ്സോസിയേഷന്റെ കായിക പ്രതിഭാ പുരസ്ക്കാരം 2019.
12. വിവിധ ക്ലബ്ബുകളുടെയും സാംസ്ക്കാരിക സംഘടനകളുടെയും നിരവധി പുരസ്ക്കാരങ്ങളും അംഗീകാരങ്ങളും ലഭ്യമായിട്ടുണ്ട്.

## ജീവിത രേഖ

### എസ്.പി. മുരളീധരൻ

ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം പഞ്ചായത്തിൽ ശൗരിക്കാട്ട് ചിറയിൽ തയ്യൽ തൊഴിലാളിയായ പ്രഭാകരൻരന്റെയും കർഷക തൊഴിലാളിയായ സരോജിനിയുടെയും മകനായി 1974-ൽ ജനനം. യാദൃശ്ചികമായി ബോംബെയിലെ നീന്തൽകുളം ക്ലീനറായി തുടങ്ങിയ ജോലിയിലൂടെ സാഹസീക നീന്തൽ രംഗത്ത് എത്തപ്പെട്ട് നിരവധി നേട്ടങ്ങൾക്ക് അർഹനായി. സംസ്ഥാന സർക്കാരിന്റേതുൾപ്പെടെ അനവധി പുരസ്ക്കാരങ്ങൾ.

വിവാഹിതൻ, ഭാര്യ രജിത ഡൽഹിയിൽ (നേഴ്സിംഗ് ഓഫീസർ), മക്കൾ മാളവിക (10-ാം ക്ലാസ് വിദ്യാർത്ഥിനി) - അവന്തിക (2-ാം ക്ലാസ്സ് വിദ്യാർത്ഥിനി ). അനുജൻ ബിജു, സഹോദരി മിനി.

### വിദ്യാഭ്യാസം

ചേർത്തല തിരുനെല്ലൂർ ഗവ. ഹൈസ്ക്കൂൾ, കുലശേഖരമംഗലം. ഗവ. ഹൈസ്ക്കൂൾ, ചേർത്തല എൻ.എസ്.എസ്. കോളേജ്.

### കടന്നുപോയ തൊഴിൽ മേഖലകൾ

ജ്യോതിഷ - പൂജാദി കർമ്മങ്ങളിൽ പ്രമുഖരുടെ പരികർമ്മിയും സഹായിയും, തുടങ്ങി എയർ കണ്ടീഷനിംഗ് ഓപ്പറേറ്റർ, യു.എ.ഇയിൽ കെട്ടിട നിർമ്മാണ തൊഴിലാളി, നീന്തൽകുളം ക്ലീനർ, ഹോട്ടൽ വെയ്റ്റർ, ബോംബെയിലെ പഞ്ചനക്ഷത്ര ഹോട്ടലുകളിലും ആഡംബര ക്ലബ്ബുകളിലുമായും നിരവധി ഹിന്ദി സിനിമാ താരങ്ങളുടെ നീന്തൽ പരിശീലകൻ, ഫൈവ്സ്റ്റാർ ഹോട്ടലുകളിൽ നീന്തൽ പരിശീലകൻ, ഗസ്റ്റ് സർവ്വീസ് എക്സിക്യൂട്ടീവ്. ഇപ്പോൾ ഡൽഹിയിലെ റാഡിസൺ ബ്ലൂ എന്ന പഞ്ചനക്ഷത്ര ഹോട്ടലിൽ നീന്തൽ പരിശീലകനും പ്രമുഖ വ്യക്തികളുടെ സ്വകാര്യ നീന്തൽ കോച്ച്, അന്താരാഷ്ട്ര സ്കൂൾ, കോളേജുകളിൽ പ്രചോതാന്മക പ്രഭാഷകൻ, പുസ്തക രചയിതാവ്.

### സന്ദർശിച്ച രാജ്യങ്ങൾ

അമേരിക്ക, ഇംഗ്ലണ്ട്, സ്വിറ്റ്സർലാന്റ്, യു.എ.ഇ, സിംഗപ്പൂർ, തായ്‌ലന്റ്, ശ്രീലങ്ക, മലേഷ്യ.

### അറിയാവുന്ന ഭാഷകൾ

മലയാളം, ഇംഗ്ലീഷ്, ഹിന്ദി

### സാമൂഹ്യ പ്രവർത്തനം

നീന്തൽ ഒരു സ്വയം രക്ഷയ്ക്കും, മറ്റുള്ളവരുടെ രക്ഷയ്ക്കും, മികച്ച തൊഴിൽ സാധ്യത എന്ന നിലയിലും കേരളത്തിലെ മുഴുവൻ കുട്ടികളിലും യുവാക്കളിലും പ്രചരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിനു വേണ്ടി **സേവ് വാട്ടർ സേവ് ലൈഫ്** എന്ന ചാരിറ്റബിൾ സംഘടന രൂപീകരിച്ച് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.